ഉത്തരം

(എ&ബി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ മാവേലി സ്റ്റോറുകൾവഴി വിറ്റിരുന്ന സാധനങ്ങളുടെ വിലനിലവാരവും, 1-2-2000-ലെ വിലനിലവാരവും താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	5/96-ലെ വില	2/2000-ലെ വില
1	അരി	7.60 രൂപ	9.60 രൂപ
2	ചെറുപയർ	22.50 രൂപ	19.00 രൂപ
3	ഉഴുന്നു പരിപ്പ്	28.00 രൂപ	26.00 രൂപ
4	ഉഴുന്നു പിളർപ്പ്	25.00രൂപ	21.00 രൂപ
5	വൻകടല	15.50 രൂപ	17.50 രൂപ
6	ചെറുകടല	12.50 രൂപ	14.00 രൂപ
7	വൻപയർ	14.50 രൂപ	17.00 രൂപ
8	പീസ്പരിപ്പ്	15.00 രൂപ	15.50 രൂപ
9	തുവരപരിപ്പ്	27.00 രൂപ	22.00 രൂപ
10	മുളക്	42.00 രൂപ	33.00 രൂപ
11	മല്ലി	22.40 രൂപ	19.00 രൂപ
12	കടുക്	16.00 രൂപ	18.00 രൂപ
13	ജീരകം	70.00 രൂപ	80.00 രൂപ
14	ഉലുവ	15.00 രൂപ	19.00 രൂപ
15	മഞ്ഞൾ	18.00 രൂപ	30.00 രൂപ
16	പഞ്ചസാര	13.50 രൂപ	14.50 രൂപ

നീതി സ്റ്റോർ മുഖേനയുള്ള ഗ്യാസ് വിതരണം സംബന്ധിച്ച പരാതി

125 (126)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീതിസ്റ്റോർ മുഖേനയുള്ള ഗ്യാസ് വിതരണം സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിലെ പല നീതിസ്റ്റോറുകളിലും യഥാസമയം ഗ്യാസ് സിലിണ്ടർ മാറ്റിക്കൊടുക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) മലപ്പുറം ജില്ലയിലെ നീതിസ്റ്റോറുകൾ മുഖേന അടിയന്തിരമായി ഗ്യാസ് വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്യാസ് വിതരണത്തിൽ കാലതാമസം വരുന്നു എന്ന് പരാതി ഉണ്ടായിട്ടുണ്ട്.

(സി) പാചകവാതകത്തിന്റെ ലഭ്യതയിൽ ഉണ്ടായ കുറവാണ് പ്രധാന കാരണം. കൂടാതെ അന്താരാഷ്ട്ര വിപണിയിൽ ഗ്യാസിന്റെ വിലയിൽ വന്ന മാറ്റത്തെ തുടർന്ന് കമ്പനികൾ യഥാസമയം ഗ്യാസ് വിതരണം നടത്താത്തതും കാരണമായിട്ടുണ്ട്.

(ഡി) സംസ്ഥാനത്തൊട്ടാകെ നീതിസ്റ്റോറുകൾ വഴി പെൻഡിംഗ് ഉള്ള മുഴുവൻ 'റീഫില്ലും' അടിയന്തിരമായി വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ കൺസ്യൂമർ ഫെഡറേഷൻ സ്വീകരിച്ചിട്ടുണ്ട്.

മഞ്ചേശ്വരം മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ

126 (127) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ഇക്കൊല്ലം എത്ര മാവേലി സ്റ്റോറുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു ;

(ബി) എവിടെയൊക്കെ ;

(സി) എന്നു തുടങ്ങാൻ കഴിയും ?

ഉത്തരം

(എ-സി) മാവേലിസ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓരോ മാവേലിസ്റ്റോർ ആരംഭിക്കാനാണ് സർക്കാർ പ്രാരംഭഘട്ടമായി തീരുമാനിച്ചിട്ടുള്ളത്. അതുപ്രകാരം നടപ്പ് സാമ്പത്തിക വർഷം പൈവാലികയിൽ 30-10-1999-ൽ ഒരു മാവേലി സ്റ്റോർ തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം തീരുമാനിക്കപ്പെട്ടിട്ടില്ല.

മൂടാടി ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി

127 (128) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്തിൽ പുതുതായി മാവേലിസ്റ്റോർ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള നടപടി കാലതാമസം കൂടാതെ കൈക്കൊള്ളുമോ ;

LIBRARY ARCHIVES Kerala Legislative Assembly